# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3135 10.12.2018 ൽ മറുപടിക്ക്**

**തിരുവനന്തപുരം ജില്ലയിലെ ദേശിയ പാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. വിൻസെന്റ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം ജില്ലയിൽ ദേശിയ പാത സ്ഥലമെടുപ്പ് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | എ) ദേശീയപാത എൻ.എച്ച് 66 ലെ കടമ്പാട്ടുകോണം മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ച് വരുന്നു. കരമന - കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ ദേശീയപാത വിഭാഗത്തിന്റെ കീഴിൽ നടന്നു വരുന്നത്. ഇതിൽ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ കോടതി വ്യവഹാരം നിലനിൽക്കുന്ന എൽ.എ.സി 637/15 എന്ന കെട്ടിടം ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഭാഗത്തെ പദ്ധതി നടത്തിപ്പിനാവശ്യമായ സർക്കാർ വക ഭൂമിയും കൈമാറികിട്ടാനുണ്ട്. ഇതിനുള്ള നടപടികൾ റവന്യൂ വിഭാഗം വഴി പുരോഗമിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2013 ലെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. Social Impact Assesment Study നടത്തിയാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ സാധിക്കുകയുള്ളൂ. ഈ ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖാന്തിരം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ടി ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി 98.1കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള നാലുവരിപ്പാത വികസനത്തിനുള്ള അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി പരിഗണനയിലാണ്. പ്രസ്തുത അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. |

ബി) കർമന-കളിയിക്കാവിള റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണ്;

ബി) കരമന-കളിയിക്കാവിള ദേശീയപാതയുടെ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള പണി പൂർത്തിയായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികൾ പി.എം.യു, കെ.ആർ.എഫ്.ബി മുഖാന്തിരം പൂർത്തീകരിച്ചിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2013 ലെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം നടത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖാന്തിരം സ്വീകരിച്ചു വരുന്നു.

സി) ഈ പദ്ധതി എന്നേക്ക് പൂർത്തിയാകും;

സി) കരമന - കളിയിക്കാവിള ദേശീയപാത നാലുവരിപാത വികസനത്തിന്റെ ഭാഗമായുള്ള കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 20.01.2016 ൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2 വർഷമാണ് നിർമ്മാണ പൂർത്തീകരണ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയും, വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുമുള്ള നിർമ്മാണ പൂർത്തീകരണ കാലാവധിയെ സംബന്ധിച്ച വിശദാംശം ഈ ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ലഭ്യമാകുകയുള്ളൂ.

ഡി) ഈ പദ്ധതിയ്ക്ക് അനുവദിച്ച തുകയും പദ്ധതിയുടെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും വർഷം തിരിച്ച് വിശദമാക്കാമോ;

ഡി) ഈ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2013-14 ൽ 74കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 2016 ൽ ഈ തുക ചെലവാക്കിയിട്ടുണ്ട്. 21.01.2016 ൽ 50കോടി രൂപയും 06/16, 10/17 മാസങ്ങളിലായി 216.87 കോടി രൂപയും ചേർത്ത് ആകെ 266.87 കോടി രൂപ (ഇരുനൂറ്റി അറുപത്തിആറ് കോടി എൺപത്തിയേഴ് ലക്ഷം രൂപ) ഭൂമി ഏറ്റെടുക്കൽ നടപടിയ്ക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ ബാലരാമപുരം - കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനായി 98.1 കോടി രൂപ ജി.ഒ(ആർ.റ്റി) നം.1048/17/പൊമവ തീയതി 20.07.2017 പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനായി 274.1716 കോടി രൂപ റവന്യൂ വകുപ്പിനും 9.03കോടി രൂപ പൊതുമരാമത്ത് വകുപ്പിനുമായി ആകെ 283.2016കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

മേൽ പറഞ്ഞതു കൂടാതെ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.ഒ(ആർ.റ്റി) നം.420/2015/പൊമവ തീയതി

18.03.2015 - 1.46 കോടി രൂപ

ഒന്നാംഘട്ടത്തിന്റെ രണ്ടാം റീച്ചിന്റെ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തീയതി 18.11.2016 പ്രകാരം 162.46 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ഇ) കഴക്കൂട്ടം-കാരോട് പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | ഇ) കഴക്കൂട്ടം-കാരോട് ബൈപ്പാസിന്റെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പാക്കുന്നത്. ഈ പ്രവൃത്തി 2019 മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ